**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 579** **08-10-2024 - ൽ മറുപടിയ്ക്ക്**

**കേരള ധനകാര്യ കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാവസായിക രംഗത്തുണ്ടാകുന്ന മുന്നേറ്റത്തിൽ കേരള ധനകാര്യ കോർപ്പറേഷൻ നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br><br>എസ്.എഫ്.സി ആക്റ്റ് 1951 പ്രകാരം 1953-ൽ രൂപീകൃതമായ ധനകാര്യസ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപറേഷൻ. സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭകർക്ക് വ്യാവസായിക മേഖലയിൽ വായ്പകൾ അനുവദിക്കുക വഴി സംസ്ഥാനത്തെ വ്യാവസായിക മുന്നേറ്റത്തിൽ വലിയ സംഭാവനയാണ് കേരള ഫിനാൻഷ്യൽ കോർപറേഷൻ നൽകുന്നത്. കെ എഫ് സി സ്ഥാപിതമായതിന് ശേഷം ഇന്നേവരെ 65,000ലധികം വ്യാവസായിക യൂണിറ്റുകൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.<br><br>സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭകർക്ക് വ്യാവസായിക മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നതിനായി താഴെപ്പറയുന്ന പ്രത്യേക പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപറേഷൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.<br><br>1)കെ.എഫ്.സി മുഖേന ഉൽപാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ സംരംഭകത്വവികസനപദ്ധതി (CMEDP) എന്ന പേരിൽ രണ്ടു കോടി രൂപ വരെ 5 ശതമാനം നിരക്കിൽ വായ്പ നൽകുന്ന ഒരു പദ്ധതി നിലവിൽ ഉണ്ട്. ടി പദ്ധതി പ്രകാരം 2879 യൂണിറ്റുകൾക്കായി 838.90 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.<br><br>2)കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രി സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി വഴി പത്ത് കോടി രൂപ വരെ 6 |

| | | | |
|---|---|---|---|
| | | | ശതമാനം പലിശനിരക്കിൽ വായ്പ അനുവദിക്കുന്ന പദ്ധതിയാണ് കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ ലോൺ സ്കീം (KAMS) ഈ പദ്ധതി പ്രകാരം 42 യൂണിറ്റുകൾക്ക് 101.98 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>3)മികവുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ആശയ രൂപീകരണം മുതൽ കമ്പനിയുടെ വിപുലീകരണം വരെയുള്ള ഓരോ ഘട്ടത്തിലും സമഗ്രമായ പിന്തുണയും വായ്പാസഹായവും ലഭ്യമാക്കുന്ന പദ്ധതിയാണ് "കെ.എഫ്.സി സ്റ്റാർട്ടപ്പ് കേരള പദ്ധതി". |
| (ബി) | സ്റ്റാർട്ടപ്പ് മേഖലയുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കഴിഞ്ഞിട്ടുണ്ട്.<br><br>സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി ആവിഷ്കരിച്ച കെ എഫ് സി സ്റ്റാർട്ടപ്പ് കേരള പദ്ധതിയിലൂടെ സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ആകർഷകമായ പലിശനിരക്കിൽ ഈടില്ലാതെ വായ്പലഭ്യമാകും. ആശയത്തിൽ നിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവൽകരണത്തിന് 50 ലക്ഷം രൂപയും, സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നല്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ വായ്പാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേയ്സ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി 10 കോടി രൂപ വരെയുള്ള പ്രവർത്തന മൂലധന വായ്പയും 10 കോടി രൂപ വരെയുള്ള വെഞ്ചർ ഡെബ്റ്റ് വായ്പയും നൽകുന്നുണ്ട്. ടി സ്കീം പ്രകാരം 61 യൂണിറ്റുകൾക്കായി 78.52 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 460 നേരിട്ടുള്ള തൊഴിലവസരങ്ങളും രണ്ടായിരത്തോളം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം പുതിയതായി 100 സ്റ്റാർട്ടപ്പുകൾക്ക് വായ്പ ലഭ്യമാക്കുന്നതിനും കേരള ഫിനാൻഷ്യൽ കോർപ്പറേഷന് പദ്ധതിയുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സ്റ്റാർട്ടപ്പ് കോൺക്ലേവ് നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്.<br><br>കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖലയിൽ നവീനമാതൃകകളും സഹവർത്തിത്വവും പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഫിനാൻഷ്യൽ കോർപറേഷൻ 29.08.2024-ന് തിരുവനന്തപുരത്ത് 'കെ.എഫ്.സി സ്റ്റാർട്ടപ്പ് കോൺക്ലേവ് 2024' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. സ്റ്റാർട്ടപ്പ് രംഗത്തെ പുതിയ അവസരങ്ങളും മാതൃകകളും ചർച്ച ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്ത പരിപാടിയിൽ സംരംഭകർ, |

| | | | |
|---|---|---|---|
| | | | നിക്ഷേപകർ, വ്യവസായ പ്രമുഖർ തുടങ്ങിയവരും വിവിധ ജനപ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. സ്റ്റാർട്ടപ്പ് രംഗത്ത് മികവ് തെളിയിച്ച കമ്പനികളുടെ ഉല്പന്നങ്ങളുടെ പ്രദർശനത്തിനുള്ള സ്റ്റാളും കോൺക്ലേവിൽ ഒരുക്കിയിരുന്നു. കേരള ഫിനാൻഷ്യൽകോർപറേഷനിൽ നിന്നും വായ്പയെടുത്തവയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന സ്റ്റാർട്ടപ്പുകൾക്കുള്ള പുരസ്കാരദാനവും നടത്തി . |

സെക്ഷൻ ഓഫീസർ